"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സാമൂഹ്യനീതി വകുപ്പ് - അടുത്ത 18 മാസങ്ങൾക്കുള്ളിൽ പൂർണ്ണമായോ ഭാഗികമായോ പൂർത്തിയാക്കാൻ കഴിയുന്ന പദ്ധതികൾ നിരീക്ഷിക്കുന്നതിന് സാമൂഹ്യനീതി വകുപ്പുതല കമ്മിറ്റി രൂപീകരിച്ച് ഉത്തരവ് പുറപ്പെടുന്നു.

---

**സാമൂഹ്യനീതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.196/2024/SJD തീയതി,തിരുവനന്തപുരം, 13-08-2024

---

പരാമർശം:- 1. പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പിൻറെ പനിവിനി-2/19/2024-പനിവിനിവ കത്ത്

**<u>ഉത്തരവ്</u>**

സർക്കാരിന്റെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് അടുത്ത 18 മാസങ്ങൾക്കുള്ളിൽ പൂർണ്ണമായോ ഭാഗികമായോ പൂർത്തിയാക്കാൻ കഴിയുന്ന പദ്ധതികൾ സംബന്ധിച്ച് സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാൻ ബഹു.മുഖ്യമന്ത്രി മുൻപാകെ പുതിയ സ്കീമുകൾ/പദ്ധതികൾ/ പ്രോഗ്രാമുകൾ ഉൾപ്പെട്ട പ്രപ്പോസലുകൾ ലഭ്യമാക്കിയിരുന്നു. പ്രസ്തുത പ്രപ്പോസലുകളിലെ വിഷയങ്ങളിൽ ചർച്ച നടത്തി ഒരു മാസത്തിനകം എല്ലാ നടപടി ക്രമങ്ങളും പൂർത്തീകരിച്ച് അടുത്ത 18 മാസങ്ങൾക്കുള്ളിൽ പദ്ധതി പൂർത്തീകരിക്കുന്നതിനായി വകുപ്പുതല കമ്മിറ്റികൾ രൂപീകരിക്കാൻ പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ് പരാമർശം 1 പ്രകാരം നിർദേശം നൽകിയിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സാമൂഹ്യനീതി വകുപ്പുമായി ബന്ധപ്പെട്ട പ്രൊപ്പോസലുകളിലെ വിഷയങ്ങളിൽ ചർച്ച നടത്തി ഒരു മാസത്തിനകം എല്ലാ നടപടി ക്രമങ്ങളും പൂർത്തീകരിച്ച് അടുത്ത 18 മാസങ്ങൾക്കുള്ളിൽ പദ്ധതികൾ പൂർത്തീകരിക്കുന്നതിനായി താഴെ പറയുന്ന അംഗങ്ങളെ ഉൾപ്പെടുത്തി ഒരു കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുന്നു.

1. അഡീഷണൽ ചീഫ് സെക്രട്ടറി, സാമൂഹ്യനീതി വകുപ്പ്
2. ഡയറക്ടർ, സാമൂഹ്യനീതി വകുപ്പ്
3. വകുപ്പിന്റെ വിഷയങ്ങളുമായി ബന്ധപ്പെട്ട ആസൂത്രണ ബോർഡ് മെമ്പർ
4. ചീഫ് (സോഷ്യൽ സർവീസസ് ഡിവിഷൻ), സംസ്ഥാന ആസൂത്രണ ബോർഡ്

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സൺദേവ്. എൻ
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, സാമൂഹ്യനീതിവകുപ്പ് , വികാസ് ഭവൻ, തിരുവനന്തപുരം
സംസ്ഥാന ആസൂത്രണ ബോർഡ്, പട്ടം, തിരുവനന്തപുരം
പദ്ധതി നിർവ്വഹണ വിലയിരുത്തൽ നിരീക്ഷണ വകുപ്പ്, ഗവ.സെക്രട്ടേറിയേറ്റ്
ഇൻഫർമേഷൻ ഓഫീസർ, വെബ് ആൻഡ് ന്യൂ മീഡിയ ഡിവിഷൻ, ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് )
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Vipin S D
സെക്ഷൻ ഓഫീസർ
Date: 17-08-2024 10:36:28